GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/07/2026

1. കുട്ടികളിൽ പോഷകസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിദ്യാലയങ്ങളിൽ കാർഷീക സംസ്കാരം വളർത്തുന്നതിനുമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ആർ.കെ.വി.വൈ.(RKVY-RAFTAAR) പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന "കനിപ്പന്തൽ - ഇനി വിദ്യാലയങ്ങളിലും" പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ 17-ന് രാവിലെ 11 ന് വയനാട്ടിലെ എസ്.കെ.എം.ജെ.ഹയർ സെക്കൻഡറി സ്കൂളിൽ സുൽത്താൻബത്തേരി എം.എൽ.എ ഐ.സി ബാലകൃഷ്ണൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി.സിദ്ദിഖ് ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഫലവൃക്ഷത്തോട്ടങ്ങൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പോഷകാഹാര ശീലങ്ങൾ വളർത്തുക, പരിസ്ഥിതി

സംരക്ഷണബോധം ശക്തിപ്പെടുത്തുക, കൃഷിയോടുള്ള താൽപര്യം വളർത്തുക എന്നിവ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഒരു കാർഷിക പദ്ധതി എന്നതിലുപരി ക്യാമ്പസ്സുകളിൽ വ്യാപകമാകുന്ന ലഹരി ഉപയോഗം പോലെയുള്ള അനാരോഗ്യ ശീലങ്ങളിൽ നിന്നും വിദ്യാർത്ഥികളെ മുക്തരാക്കി പ്രകൃതിയോടും കൃഷിയോടും നമ്മുടെ സാംസ്കാരത്തോടും വിദ്യാർത്ഥികളെ ചേർത്ത് നിർത്തുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 2,921 തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലായി പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കും. ചടങ്ങിൽ, എം.എൽ.എമാർ ജനപ്രതിനിധികൾ, കൃഷിവകുപ്പ്-വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ, വി.എഫ്.പി.സി.കെ. പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

2. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, കേരള സ്റ്റേറ്റ് വെറ്ററിനറി കൗണസിൽ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിൽ വെച്ച് 2026 ജൂലൈ 17 ന് വെള്ളിയാഴ്ച 9 മണി മുതൽ 'തെരുവു നായ്ക്കളുടെ സുസ്ഥിരമായ ജനസംഖ്യാ നിയന്ത്രണവും പേവിഷബാധാ നിയന്ത്രണവും കേരളത്തിൽ' എന്ന വിഷയത്തെക്കുറിച്ച് സംസ്ഥാനതല ശിൽപശാല സംഘടിപ്പിക്കുന്നു. സംസ്ഥാന

മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. ബിന്ദു കൃഷ്ണ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.എം.ഷാജി, യുവജനക്ഷേമ കായിക വകുപ്പ് മന്ത്രി ഒ.ജെ.ജനീഷ് എന്നിവർ പങ്കെടുക്കുന്ന ഈ ശിൽപശാലയിൽ സുസ്ഥിരവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള തെരുവ് നായ നിയന്ത്രണം, ഏകാരോഗ്യവും പേവിഷബാധാ നിയന്ത്രണവും, ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുസമൂഹത്തിനുമുള്ള പങ്കാളിത്തം, നിയമപരവും മൃഗക്ഷേമപരവുമായ വീക്ഷണം, തുടങ്ങിയ വിവിധ അനുബന്ധ വിഷയത്തെക്കുറിച്ചുള്ള ക്ലാസുകളും ചർച്ചകളും ഉണ്ടായിരിക്കുന്നതാണ്.

3. വരാനിരിക്കുന്ന ഓണാഘോഷത്തിന് മുന്നോടിയായി വീടുകളിൽ സമൃദ്ധമായ പച്ചക്കറിത്തോട്ടങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് പുതിയ പദ്ധതിയുമായി രംഗത്ത്. വിഷ രഹിതവും ഗുണമേൻമയുള്ളതുമായ പച്ചക്കറികൾ സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉത്പാദിപ്പിക്കാൻ പൊതുജനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. “ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" എന്ന ഈ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ മൺറോ തുരുത്ത്, ഈസ്റ്റ് കല്ലട, പേരയം, കുണ്ടറ, പനയം, പെരിനാട്, തൃക്കരുവ, തൃക്കടവൂർ എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള ഹൈബ്രിഡ് പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള

കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് കുണ്ടറ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ സോണിയ എൻ ടി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470370 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) – ഖരീഫ് 2026 സീസൺ അപേക്ഷ ക്ഷണിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ, ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ, 1800–425–7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യുക. അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി പരിശോധിച്ച് പ്രീമിയം തുക, ഇൻഷുറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്. ഈ വർഷത്തെ ആദ്യ സീസണായ ഖാരിഫിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം ജൂലൈ 31 വരെ നീട്ടി. വിള ഇൻഷുറൻസ് ഏജൻറുമാർ, സി.എസ്.സി. എന്നിവ വഴി കർഷകർക്ക് രജിസ്റ്റർ ചെയ്യാം. ബാങ്ക്

വായ്പയെടുത്ത കർഷകർക്ക് ബാങ്ക് മുഖാന്തരം ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം.

5. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗം പഴം- പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഓഗസ്റ്റ് 4ന് പരിശീലന പരിപാടി നടത്തും. കൂടുതൽ വിവരങ്ങൾക്ക് 8089076698 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. “ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചടയമംഗലം, വെളിനെല്ലൂർ, ഇളമാട്, ഇട്ടിവ, കടയ്ക്കൽ, ചിതറ, കുമ്മിൾ, നിലമേൽ എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള ഹൈബ്രിഡ് പച്ചക്കറി വിത്തു പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് ചടയമംഗലം ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നസീം എം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9496371409 എന്ന നമ്പരിൽ ബന്ധപ്പെടുക.

7. നെല്ല് സംഭരണം: മില്ലുടമകളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ചു. സപ്ലൈകോയ്ക്കുവേണ്ടി 2026 –27 സീസണിൽ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ മില്ലുടമകളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ചു. അപേക്ഷകർക്ക് ഈ രംഗത്ത് ചുരുങ്ങിയത് മൂന്നുവർഷത്തെ പ്ര

വൃത്തിപരിചയം ഉണ്ടായിരിക്കണം. സപ്ലൈകോ നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരം പ്രവർത്തിക്കണം. താൽപ്പര്യപത്രം എറണാകുളം കടവന്ത്ര സപ്ലൈകോ ഹെഡ് ഓഫീസിൽ ഓഗസ്റ്റ് അഞ്ചിനു മുമ്പ് സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് www.supplycopaddy.in സന്ദർശിക്കുക.